ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 17.07.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പാർലമെൻറ് ബജറ്റ് സമ്മേളനത്തിന് മുന്നോടിയായുള്ള സർവ്വ കക്ഷി യോഗം ഞായറാഴ്ച ; കേന്ദ്ര ബജറ്റ് ഈ മാസം 23-ന്.

   Government Convenes All-Party Meeting On Sunday Ahead Of The Budget Session Of Parliament ; The Union Budget will be presented on the 23rd of July.

2. മദ്യനയ അഴിമതി കേസിൽ സി ബി ഐ അറസ്റ്റിനെതിരെയുള്ള ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിന്റെ ഹർജി ഡൽഹി ഹൈക്കോടതി വിധി പറയാൻ മാറ്റി.

   Delhi HC reserves order on Delhi CM Arvind Kejriwal's plea challenging his arrest by CBI in the Excise case.

3. ഹരിയാനയിൽ മുൻ അഗ്നിവീരർക്ക് സംസ്ഥാന സർക്കാർ നിയമനങ്ങളിൽ 10 ശതമാനം സംവരണം പ്രഖ്യാപിച്ചു.

   Haryana government will provide 10 percent horizontal reservation to Agniveers in recruitment to certain posts.

4. കേരളത്തിൽ വ്യാപക മഴ തുടരും; ചുവപ്പ് ജാഗ്രത നിലനിൽക്കുന്ന വയനാട്ടിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ അവധി; കേരള - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

In Kerala, Widespread rain will continue ; red alert in Wayanad district and tomorrow will be holiday for educational institutions; fishing is banned in Kerala, Lakshadweep coasts.

5. **പാരിസ് ഒളിമ്പിക്സിനുള്ള ഇന്ത്യൻ സംഘത്തിന് കേന്ദ്ര കായിക മന്ത്രാലയത്തിൻറെ അനുമതി; രാജ്യത്തിനായ് 117 കായികതാരങ്ങൾ കളത്തിലിറങ്ങും.**

India's final contingent for the upcoming Paris Olympics has been approved by the sports ministry. The contingent will have 117 athletes.

&&&&&&&&&&&&&&&&&&

## ALL PARTY MEET

പാർലമെൻറ് ബജറ്റ് സമ്മേളനത്തിന് മുന്നോടിയായുള്ള സർവ കക്ഷി യോഗം ഞായറാഴ്ച ചേരും. ഇരുസഭകളുടെയും സുഗമമായ പ്രവർത്തനം ഉറപ്പാക്കാൻ, എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും സഹകരണം യോഗത്തിൽ സർക്കാർ തേടും. ഈ മാസം 22 മുതൽ അടുത്ത മാസം 12 വരെയാണ് ബജറ്റ് സമ്മേളനം. കേന്ദ്ര ബജറ്റ് ജൂലൈ 23-ന് അവതരിപ്പിക്കും. മൂന്നാം നരേന്ദ്ര മോദി സർക്കാരിൻറെ ആദ്യ ബജറ്റാണിത്.

&&&&&&&&&&&&&&&&&&

## PREZ SPEECH - BOOK

രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ 75 പ്രസംഗങ്ങളുടെ സമാഹാരമായ WINGS TO OUR HOPES-ൻറെ ആദ്യ ഭാഗം കേന്ദ്ര കൃഷിമന്ത്രി ശിവരാജ് സിങ്ങ് ചൗഹാൻ നാളെ

പ്രകാശനം ചെയ്യും. വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള പബ്ലിക്കേഷൻ ഡിവിഷനാണ് പുസ്തകം പുറത്തിറക്കുന്നത്.

&&&&&&&&&&&&&&&&&&

## PM-MAKE IN INDIA

ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയെ ആഗോള വേദിയിലേക്ക് കൈപിടിച്ചുയർത്തുന്നതിൽ മേക്ക് ഇൻ ഇന്ത്യ പദ്ധതി നിർണായക പങ്ക് വഹിച്ചതായി പ്രധാന മന്ത്രി നരേന്ദ്ര മോദി. ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്യുന്ന ഉത്പന്നങ്ങൾക്ക്, ആഗോള വിപണികളിൽ പ്രിയമേറുന്നതായും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. രാജ്യത്ത് നിർമ്മിക്കുന്ന സൈക്കിളുകൾ യുകെ, ജർമനി, നെതർലൻറ്സ് തുടങ്ങിയ രാജ്യങ്ങളിൽ തരംഗം സൃഷ്ടിക്കുകയാണ്. ബിഹാറിൽ നിർമ്മിച്ച ബൂട്ടുകൾ റഷ്യൻ സൈനിക വേഷത്തിൻറെ ഭാഗമായതായും ശ്രീ മോദി പറഞ്ഞു. ഇന്ത്യയുടെ യു.പി.ഐ സംവിധാനം ഒന്നിലധികം രാജ്യങ്ങളിൽ തടസ്സമില്ലാത്ത ഡിജിറ്റൽ പേയ്മെൻ്റുകൾ സാധ്യമാക്കുന്നതായും പ്രധാനമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## JAISHANKAR-MAURITIUS

മൗറീഷ്യസിലെ രണ്ട് മുൻ പ്രധാനമന്ത്രിമാരുമായി വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ കൂടിക്കാഴ്ച്ച നടത്തി. നവീൻ രാംഗൂലം, പോൾ ബെഹോഷെ എന്നിവരുമായാണ് ശ്രീ. ജയ്ശങ്കർ കൂടിക്കാഴ്ച്ച നടത്തിയത്. വിദേശകാര്യമന്ത്രിയുടെ മൗറീഷ്യസ് സന്ദർശനത്തിനിടെ

നടന്ന കൂടിക്കാഴ്ചയിൽ വിവിധ ഉഭയകക്ഷി, ആഗോള വിഷയങ്ങൾ ചർച്ചയായി.

&&&&&&&&&&&&&&&&&&

## REV EVE. NADDA–REVIEW MEETING

"ലോകത്തിന്റെ ഔഷധശാല" എന്ന രാജ്യത്തിൻ്റെ ഖ്യാതിയ്ക്ക് മുതൽക്കൂട്ടായി ,ലോകോത്തര നിലവാരമുള്ള ഔഷധ നിയന്ത്രണ ചട്ടക്കൂടിനു രൂപം നൽകണമെന്ന് കേന്ദ്ര ആരോഗ്യമന്ത്രി ജെ പി നഡ്ഡ. മരുന്നുകൾ, മെഡിക്കൽ ഉപകരണങ്ങൾ ,സൗന്ദര്യവർദ്ധക വസ്തുക്കൾ, എന്നിവയുടെ നിയന്ത്രണം സംബന്ധിച്ച് ന്യൂഡൽഹിയിൽ നടന്ന Central Drugs Standard Control Organisation – ലെ ഉദ്യോഗസ്ഥരുടെ അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഉൽപന്നങ്ങളുടെ ഉയർന്ന നിലവാരം ഉറപ്പാക്കാൻ മേഖലയുമായി തുടർച്ചയായ ആശയവിനിമയത്തിനു ഊന്നൽ നൽകാനും ശ്രീ ജെ പി നഡ്ഡ നിർദേശം നൽകി.

&&&&&&&&&&&&&&&&&&

## KEJRIWAL BAIL

മദ്യനയ അഴിമതി കേസിൽ സി ബി ഐ അറസ്റ്റ് ചോദ്യം ചെയ്ത് ഡൽഹി മുഖ്യമന്ത്രിയും ആം ആദ്മി പാർട്ടി നേതാവുമായ അരവിന്ദ് കെജ്‌രിവാളിന്റെ ഹർജി ഡൽഹി ഹൈക്കോടതി വിധി പറയാൻ മാറ്റി. കെജ്‌രിവാളിന്റെ ഇടക്കാല ജാമ്യം സംബന്ധിച്ച കേസും കോടതി വിധി പറയാനായി മാറ്റി. സാധാരണ ജാമ്യം സംബന്ധിച്ച

കെജ്‌രിവാളിന്റെ ഹർജിയിൽ ഈ മാസം ഇരുപത്തി ഒൻപതിന് കോടതി വാദം കേൾക്കും.

&&&&&&&&&&&&&&&&&&

## HARYANA – AGNIVEER RESERVATION

ഹരിയാനയിൽ മുൻ അഗ്നിവീരർക്ക് സംസ്ഥാന സർക്കാർ നിയമനങ്ങളിൽ 10 ശതമാനം സംവരണം പ്രഖ്യാപിച്ചു. പോലീസ് കോൺസ്റ്റബിൾ, മൈനിങ് ഗാർഡ്, ഫോറസ്റ്റ് ഗാർഡ്, ജെയിൽ വാർഡൻ തുടങ്ങിയ തസ്തികകളിലാണ് സംവരണം. മുഖ്യമന്ത്രി നായബ് സിംഗ് സൈനി വാർത്താസമ്മേളനത്തിലാണ് പ്രഖ്യാപനം നടത്തിയത്. ഗ്രൂപ്പ് ഡി തസ്തികകളിലേക്കുള്ള ഉയർന്ന പ്രായപരിധിയിൽ മൂന്ന് വയസ്സിൻറെ ഇളവ് നൽകിയിട്ടുണ്ട്. സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന അഗ്നിവീറുകൾക്ക് അഞ്ചു ലക്ഷം രൂപയുടെ പലിശ രഹിത വായ്പ നല്കുമെന്നും ഹരിയാന മുഖ്യമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## NITI AAYOG

നിതി ആയോഗിൻറെ ഘടന കേന്ദ്ര സർക്കാർ പുനസംഘടിപ്പിച്ചു. പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ്, ആഭ്യന്തര മന്ത്രി അമിത് ഷാ, ധനമന്ത്രി നിർമല സീതാരാമൻ എന്നിവർക്ക് പുറമേ കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാനെ കൂടി എക്സ് ഒഫീഷ്യോ അംഗമായി ഉൾപ്പെടുത്തി. പ്രധാനമന്ത്രി നരേന്ദ്ര മോദി നിതി ആയോഗ് അധ്യക്ഷനായും, സുമൻ ബെറി ഉപാധ്യക്ഷനായും തുടരും. കേന്ദ്രമന്ത്രിമാരായ നിതിൻ ഗഡ്കരി, ജെ പി

നഡ്ഡ, എച്ച്.ഡി.കുമാരസ്വാമി, ജിത്തൻ റാം മാജി, രാജീവ് രഞ്ജൻ സിംഗ്, വീരേന്ദ്ര കുമാർ, രാംമോഹൻ നായിഡു, ജുവൽ ഒറാം, അന്നപൂർണാ ദേവി, ചിരാഗ് പാസ്വാൻ, റാവു ഇന്ദർജിത് സിംഗ് എന്നിവരെ പ്രത്യേക ക്ഷണിതാക്കളായും ഉൾപ്പെടുത്തി.

&&&&&&&&&&&&&&&&&&

## SIDDAARTH

വയനാട് പൂക്കോട് വെറ്ററിനറി സർവകലാശാലയിലെ വിദ്യാർത്ഥി സിദ്ധാർത്ഥൻറെ മരണത്തിൽ, സർവകലാശാല മുൻ വിസി, എം.ആർ ശശീന്ദ്രനാഥിന് വീഴ്ച പറ്റിയെന്ന് ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ. സമയബന്ധിതമായി നടപടി എടുത്തില്ലെന്നാണ് കണ്ടെത്തൽ. മരണത്തിൽ , സർവ്വകലാശാലയ്ക്ക് ഭരണപരമായ വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്നാണ് കമ്മീഷൻ അന്വേഷിച്ചത്. 28 പേരിൽ നിന്ന് മൊഴിയെടുത്താണ് കമ്മീഷൻ റിപ്പോർട്ട് തയ്യാറാക്കിയത്.

&&&&&&&&&&&&&&&&&&

## CABINET

തിരുവനന്തപുരം ആമയിഴഞ്ചാൻ തോട് വൃത്തിയാക്കുന്നതിനിടയിൽ മരണമടഞ്ഞ ക്രിസ്റ്റഫർ ജോയിയുടെ മാതാവിന് 10 ലക്ഷം രൂപ ധനസഹായം അനുവദിക്കാൻ സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിച്ചു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നാണ് തുക അനുവദിക്കുന്നത്.

&&&&&&&&&&&&&&&&&&

## WEATHER KERALA

കേരളത്തിൽ അടുത്ത 5 ദിവസം കൂടി വ്യാപക മഴ തുടരും. വയനാട് ജില്ലയിൽ ഇന്ന് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. കേരള - കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കുണ്ട്. വയനാട് ജില്ലയിലെ പ്രൊഫെഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ അവധി നൽകി. മുൻ നിശ്ചയിച്ച പരീക്ഷകൾക്ക് അവധി ബാധകമല്ല. പത്തനംതിട്ട ജില്ലയിൽ ദുരിതാശ്വാസ കാമ്പുകൾ പ്രവർത്തിക്കുന്ന മൂന്ന് സ്കൂളുകൾക്കും നാളെ അവധി നല്കി.

&&&&&&&&&&&&&&&&&&

## RAILWAY-NANHE FARISTEY-INTRO

'ഓപ്പറേഷൻ നൻഹേ ഫരിശ്തേക്ക്' കീഴിൽ, കഴിഞ്ഞ ഏഴു വർഷങ്ങൾക്കിടെ റെയിൽവേ സുരക്ഷാ സേന രക്ഷപ്പെടുത്തിയത് 84,119 കുട്ടികളെ. റയിൽവേ സ്റ്റേഷനുകൾ, ട്രെയിനുകൾ എന്നിവിടങ്ങളിൽ സഹായം ആവശ്യമായ നിലയിൽ കണ്ടെത്തിയ കുട്ടികളെയാണ് ആർ പി എഫ് രക്ഷപ്പെടുത്തിയത്.

***വിശദാംശങ്ങളിലേക്ക്...........***

***(വോയിസ്)***

&&&&&&&&&&&&&&&&&&

## RAILWAY-NANHE FARISTEY-VOICE

2018 ലാണ് തീവണ്ടികളിലും റെയിൽവേ പരിസരങ്ങളിലും അകപ്പെടുന്ന, പരിചരണവും സംരക്ഷണവും ആവശ്യമായ കുട്ടികളെ സഹായിക്കാൻ റെയിൽവേ സുരക്ഷാ സേന 'ഓപ്പറേഷൻ നൻഹേ ഫരിശ്തേ' ദൗത്യം ആരംഭിച്ചത്. കാണാതായവർ, ഓടിപ്പോയവർ, ഉപേക്ഷിക്കപ്പെട്ടവർ, നിരാലംബർ, മാനസിക വെല്ലുവിളി നേരിടുന്നവർ, തട്ടിക്കൊണ്ടുപോയ കുട്ടികൾ എന്നിവർ ഉൾപ്പെടെ, 84,119 കുട്ടികൾക്കാണ് ഈ വർഷം മെയ് വരെ ആർ പി എഫ് സഹായഹസ്തം നീട്ടിയത്. കുട്ടികളെ രക്ഷപ്പെടുത്തുക മാത്രമല്ല, അവർ നേരിടുന്ന പ്രശ്നങ്ങളെ കുറിച്ച് ബന്ധപ്പെട്ടവരിൽ അവബോധം സൃഷ്ടിക്കുകയും, തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. 135-ലധികം റെയിൽവേ സ്റ്റേഷനുകളിൽ കുട്ടികൾക്കായി ഹെൽപ്പ് ഡെസ്ക്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

ന്യൂസ്ഡസ്ക് ആകാശവാണി............

&&&&&&&&&&&&&&&&&&&&

## INDIAN OLYMPICS CONTINGENT

പാരീസ് ഒളിമ്പിക്സിനുള്ള ഇന്ത്യൻ സംഘത്തിന് കേന്ദ്ര കായിക മന്ത്രാലയത്തിന്റെ അംഗീകാരം. 117 കായികതാരങ്ങളും, 140 ഉദ്യോഗസ്ഥരും അടങ്ങുന്നതാണ് സംഘം. 29 അത്ലറ്റുകൾ, 21 ഷൂട്ടിങ് താരങ്ങൾ, 19 ഹോക്കി താരങ്ങൾ എന്നിവർ സംഘത്തിലുണ്ട്. ഈ മാസം 26 - ന് ആരംഭിക്കുന്ന പാരിസ് ഒളിമ്പിക്സ്, അടുത്ത മാസം 11-ന് സമാപിക്കും.

&&&&&&&&&&&&&&&&&&

## IMF GDP FORECAST

ഇന്ത്യയുടെ മൊത്തം ആഭ്യന്തര ഉത്പാദന വളർച്ച ഉയരുമെന്ന് അന്താരാഷ്ട്ര നാണയ നിധിയുടെ പ്രവചനം. നടപ്പ് സാമ്പത്തിക വർഷത്തിൽ രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥ ഏഴ് ശതമാനം വളർച്ച കൈവരിക്കുമെന്നാണ് പുതുക്കിയ പ്രവചനം. 6.8 വളർച്ചയാണ് ഈ വർഷം ഏപ്രിലിൽ ഐ എം എഫ് പ്രവചിച്ചിരുന്നത്.

&&&&&&&&&&&&&&&&&&

## TENNIS – SUMIT NAGAL

സ്വീഡിഷ് ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസ് റൌണ്ട് ഓഫ് 16 ൽ ഇന്ത്യയുടെ സുമിത് നാഗൽ, അർജൻ്റീനയുടെ മരിയാനോ നവോനെയെ നാളെ നേരിടും. അതിനിടെ പുരുഷ ഡബിൾസിൽ സുമിത് നാഗൽ- കരോൾ **ഷെരെ**വിട്സ്കി സഖ്യം പരാജയപ്പെട്ടു. ഫ്രഞ്ച് ജോഡിയായ അലക്സാന്ദ്രെ മുള്ളർ- ലൂക്ക വാൻ ആഷ് സഖ്യത്തോടാണ് ഇന്ത്യൻ- പോളിഷ് ജോഡി പരാജയപ്പെട്ടത്.

&&&&&&&&&&&&&&&&&&

## WOMEN CRICKET

ഏഷ്യ കപ്പ് വനിതാ ട്വൻറി-20 ക്രിക്കറ്റ് ടൂർണമെൻറിന് ശ്രീലങ്കയിൽ മറ്റന്നാൾ തുടക്കമാകും. ഹർമൻപ്രീത് കൗർ ഇന്ത്യൻ സംഘത്തെ നയിക്കും. ടൂർണമെൻറിൽ

പങ്കെടുക്കുന്നതിനായി നിലവിലെ ചാമ്പ്യന്മാരായ ഇന്ത്യൻ സംഘം ഇന്നലെ കൊളംബോയിലെത്തി.

&&&&&&&&&&&&&&&&&&

## MANDVIYA- AWARDEES INTERACTION

യുവജനങ്ങളുടെ പരിവർത്തനശക്തി രാജ്യത്തെ പുരോഗതിയിലേക്കും നൂതനാശയങ്ങളിലേക്കും നയിക്കുമെന്ന് കേന്ദ്ര യുവജന-കായിക മന്ത്രി മന്സൂഖ് മാണ്ഡവ്യ. വിവിധ പദ്ധതികളിലൂടെ യുവാക്കളെ ശാക്തീകരിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം പറഞ്ഞു. ന്യൂ ഡൽഹിയിൽ ദേശീയ യുവജന പുരസ്കാരം, എൻ എസ് എസ് അവാർഡ് എന്നിവയുടെ ജേതാക്കളോട് സംവദിക്കുകയായിരുന്നു അദ്ദേഹം. 'മൈ ഭാരത്' പ്ലാറ്റ്ഫോമിൽ വിവിധ മേഖലയിലെ യുവനേതാക്കളുടെ നേട്ടങ്ങൾ ആഘോഷിക്കുന്നതും, പ്ലാറ്റഫോം മെച്ചപ്പെടുത്തുന്നതിനുള്ള മാർഗങ്ങളും പരിപാടിയിൽ ചർച്ചയായി.

&&&&&&&&&&&&&&&&&&

## STIPEND - MAHARASHTRA

മഹാരാഷ്ട്രയിൽ പ്രതിമാസ സ്റ്റൈപ്പൻ്റോടെ യുവാക്കൾക്ക് തൊഴിലിടങ്ങളിൽ പരിശീലനം നൽകുന്ന പദ്ധതി പ്രഖ്യാപിച്ച് മുഖ്യമന്ത്രി ഏകനാഥ് ഷിൻഡെ. ആഷാഡി ഏകാദശിയുടെ ഭാഗമായി പണ്ഡർപൂരിൽ നടന്ന പരമ്പരാഗത ചടങ്ങുകൾക്ക് ശേഷമായിരുന്നു പ്രഖ്യാപനം .12-ാം ക്ലാസ് കഴിഞ്ഞവർക്ക് പ്രതിമാസം 6,000 രൂപയും ഐടിഐ/ഡിപ്ലോമയ്ക്ക് 8,000 രൂപയും ബിരുദം/ബിരുദാനന്തര

ബിരുദത്തിന് 10,000 രൂപയും പ്രതിമാസം സ്റ്റൈപ്പൻഡ് നൽകും.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&&&

&&&&&&&&

&&&&&&

&&&&

&&&

&&

&